ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 275-ാം ദിവസം

ആത്മമോഹോ നൃണാമേഷ കൽപ്യതേ ദേവമായയാ
സുഹൃദ്ദുർഹൃദുദാസീന ഇതി ദേഹാത്മമാനിനാം (10-54-43)
ഏക ഏവ പരോ ഹ്യാത്മാ സർവേഷാമപി ദേഹിനാം
നാനേവ ഗൃഹ്യതേ മൂഢൈര്യഥാ ജ്യോതിര്യഥാ നഭഃ (10-54-44)
നാത്മനോഽന്യേന സംയോഗോ വിയോഗശ്ചാസതഃ സതി
തദ്ധേതുത്വാത്തത് പ്രസിദ്ധേർദൃഗ്രൂപാഭ്യാം യഥാ രവേഃ (10-54-46)

*ശുകമുനി തുടർന്നു:*

ശിശുപാലൻെറ രാജസുഹൃത്തുക്കൾ കൃഷ്ണൻെറയും യാദവപ്പടയുടെയും പിറകെ ചെന്നു. പെട്ടെന്ന് കൃഷ്ണൻെറ നേതൃത്വത്തിൽ യാദവപ്പട പാലായനം നിർത്തി അക്രമികളെ നേരിടാൻ തുടങ്ങി. ശത്രുക്കൾ യാദവപ്പടയുടെ നേർക്ക് ശരമാരി ചൊരിഞ്ഞു. കൃഷ്ണൻ ഭയചകിതയായ രുഗ്മിണിയെ സമാധാനിപ്പിച്ചു. തൻെറ ദിവ്യശക്തിയെല്ലാമുപയോഗിച്ച് ശത്രുക്കൾക്കു നേരെ പോരാടുകയും ചെയ്തു. ശത്രുക്കൾതോൽവി സമ്മതിച്ച് പരക്കം പാഞ്ഞു. രാജകുമാരൻമാർ പിന്തിരിഞ്ഞോടി. അവർ ശിശുപാലനോട് ഉന്നത വിജ്ഞാനസാരം നൽകി ഇങ്ങിനെ സമാധാനിപ്പിച്ചു. "വ്യാകുലപ്പെടാതിരിക്കുക. ഇഹലോകത്തിൽ ജയാപജയങ്ങളും സുഖദുഃഖങ്ങളും മാനാപമാനങ്ങളും തുലോം ക്ഷണികങ്ങളത്രെ. അവയൊന്നും ശാശ്വതമല്ല തന്നെ. കാലമാണ് അവകളെ തുടരെത്തുടരെ കൊണ്ടുവന്നു തരുന്നത്. ഇതറിയുന്ന ഒരുവൻ വ്യാകുലപ്പെടുകയില്ല."

രുഗ്മിണിയുടെ ജ്യേഷ്ഠൻ രുഗ്മിയെ സമാധാനിപ്പിക്കാൻ ആർക്കുമായില്ല. ഒരു സേനയുമായി മറ്റു രാജകുമാരൻമാരുടെ സഹായമില്ലെങ്കിലും രുഗ്മി കൃഷ്ണനെ പിന്തുടർന്നു. കൃഷ്ണനു നേരെ അധിക്ഷേപ വാക്കുകൾ ചൊരിഞ്ഞ് രുഗ്മി അദ്ദേഹത്തെ പോരിനായി വെല്ലുവിളിച്ചു. പെട്ടെന്നു തന്നെ കൃഷ്ണൻ രുഗ്മിയുടെ തേരും കൊടികളും കുതിരകളേയും തൻെറ ആയുധങ്ങൾ കൊണ്ട് നശിപ്പിച്ചു. രുഗ്മി എന്തായുധമെടുത്താലും അതു വീശുംമുൻപ് കൃഷ്ണൻ നശിപ്പിച്ചു. കൃഷ്ണൻ അയാളെ തൂക്കിയെടുത്തുയർത്തി വാളൂരി വധിക്കാൻ തയ്യാറായി. എന്നാൽ രുഗ്മിണി തൻെറ ജ്യേഷ്ഠൻെറ ജീവനുവേണ്ടി യാചിച്ചതിനാൽ കൃഷ്ണൻ അവനെ വധിക്കാതെ വിട്ടു. രുഗ്മിയുടെ പകുതി മീശയും കുടുമിയും കൃഷ്ണൻ മുറിച്ചു കളഞ്ഞു. രുഗ്മി അപമാനിതനായി അവിടെ നിന്നു.

അപ്പോഴേക്ക് ബലരാമൻ അവിടെയെത്തി എല്ലാവരെയും സമാധാനപ്പെടുത്തി. "ഇങ്ങിനെ ഒരു ബന്ധുവിനെ വിരൂപിയാക്കുന്നത് അവനെ വധിക്കുന്നതിനു സമം. അത്ര ശരിയല്ല. സ്വകർമ്മങ്ങളാൽ ചത്തതിനു തുല്യമായ ഒരാളെ വധിക്കുന്നതിലെന്താണ് കാര്യം? ഒരു യോദ്ധാവിൻെറ ധർമ്മത്തിൽ സൃഷ്ടാവു തന്നെ വിധിച്ചിട്ടുള്ളത് ക്രൂരതയത്രെ. സ്വന്തം സഹോദരനാണെങ്കിൽ കൂടി പ്രത്യേക സാഹചര്യങ്ങളിൽ ഒരു യോദ്ധാവിന് വധിക്കേണ്ടതായി വന്നേക്കാം. വിഡ്ഢികളായവർ മാത്രമെ തൻെറ സുഖത്തിനും സ്വന്തം കാര്യം നേടാനുമായി ക്രൂരതയിലേർപ്പെടുകയുള്ളൂ. വാസ്തവത്തിൽ ഇഹലോകത്തിൽ ആരും ശത്രുവോ മിത്രമോ അല്ല തന്നെ. ഭഗവാൻെറ മായാശക്തികൊണ്ടൊന്നു മാത്രമാണ് ചിലരെ ശത്രുക്കളായും മറ്റുചിലരെ മിത്രങ്ങളായും ഇനിയും ചിലരെ നിഷ്പക്ഷമതികളായും ഒരുവൻ കണക്കാക്കുന്നത്. സത്യത്തിൽ എല്ലാ ജീവ ജാലങ്ങളിലെയും ആത്മാവ് ഒന്നു തന്നെ. വിഡ്ഢികളേ അവയിൽ നാനാത്വം കാണുകയുള്ളൂ. സർവ്വവ്യാപിയായ ആത്മാവെന്ന നിലയിൽ അതിന് സംയോഗവിയോഗങ്ങൾ ഇല്ല. ജനനമരണങ്ങളെല്ലാം ശരീരത്തെ മാത്രമെ ബാധിക്കുകയുള്ളൂ. ആത്മീയമായി നിദ്രയിലാണ്ടവനും സ്വപ്നജീവിയുമായ ഒരജ്ഞാനി ജീവിതത്തിൽ വ്യതിരിക്തത കാണുന്നു. എന്നാൽ ആത്മീയമായി ഉണർന്നവനാകട്ടെ ഈ നാനാത്വഭാവത്തെ ഉപേക്ഷിച്ച് തൽഫലമായ ദുഃഖത്തേയും മോഹത്തേയും ഇല്ലായ്മ ചെയ്യുന്നു."

രുഗ്മിണിക്ക് സമാധാനമായി. കൃഷ്ണനെ പരാജയപ്പെടുത്തി സഹോദരിയേയും കൊണ്ടല്ലാതെ തലസ്ഥാനത്തേക്ക് തിരിച്ചു വരില്ല എന്നായിരുന്നു രുഗ്മിയുടെ പ്രതിജ്ഞ. അതുകൊണ്ട് അയാൾ ഭോജകടം എന്നൊരു നഗരം നിർമ്മിച്ച് അവിടെ താമസമാക്കി. കൃഷ്ണൻ ദ്വാരകയിലേക്ക് രുഗ്മിണിയുമായി മടങ്ങി. കൊട്ടാരത്തിലെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ രുഗ്മിണിയെ വിവാഹം കഴിച്ചു. ദ്വാരകാവാസികൾ ഈ മംഗളാവസരം ആഘോഷിച്ചാഹ്ലാദിച്ചു.